**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവ്വേയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഉപയോഗപ്പെടുത്താനാവുകയെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവ്വെ സ്കെച്ച് ഉൾപ്പെടെ പോക്ക് വരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വെയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വയിലൂടെ സം സ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Kerala Land Use Board, സംസ്ഥാന ദുരന്തനിവാരണ വകുപ്പ്, കൃഷി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കും ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മറ്റ് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്നതാണ്. ഡിജിറ്റൽ സ ർവ്വയിലൂടെ ലഭിക്കുന്ന ഭൂമിയുടെ ടോപ്പോഗ്രാഫിക്ക് വിശദാംശങ്ങൾ ഭൂമിയുടേയും, ഭൂവിഭവങ്ങ ളുടേയും വിനിയോഗം സംബന്ധിച്ച എല്ലാ ആവ ശ്യങ്ങൾക്കും ഉപയോഗിക്കാനും ആവശ്യമുള്ളവർക്ക് നൽകാനും കഴിയും. |

സെക്ഷൻ ഓഫീസർ